# Govt UPS Karumom

## അക്കാദമിക മാസ്റ്റർപ്ലാൻ
## സ്കൂൾ തലം

2025 - 26

ഓരോ കുട്ടിയും . . .

മികവിലേക്ക് . . .

# ആമുഖം

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മാ വർഷമാണ്. കുട്ടികളുടെ സർവതോന്മുഖമായ വികാസമാണ് ഞങ്ങളുടെ വിദ്യാലയം മുന്നോട്ട് വയ്ക്കുന്ന ആശയം. ഓരോ അധ്യാപകരും ഈ ലക്ഷ്യത്തിലെത്താൻ ഒറ്റക്കെട്ടായി പ്രവർത്തനം കാഴ്ചവയ്ക്കും. അതിലേക്കായി കുട്ടികളുടെ മാനസിക - വൈകാരിക - ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുകൊണ്ട് പഠനാന്തരീക്ഷം ഉന്നത നിലവാരത്തിലുള്ള സർഗ്ഗാത്മകമായി നിലനിർത്തുവാനായി ഓരോ നിമിഷവും ഞങ്ങൾ പ്രയോജനപ്പെടുത്തും. "ഓരോ കുട്ടിയും മികവിലേക്ക്" എന്ന ലക്ഷ്യത്തെ യാഥാർത്ഥ്യത്തിലെത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ വിദ്യാലയത്തെ പറ്റി....

കുന്നം പ്രദേശത്തിന്റെ ഹൃദയ ഭാഗത്ത് അഴകാർന്ന പ്രകൃതിഭംഗിയിൽ പ്രഭ ചൊരിഞ്ഞ് നിൽക്കുന്ന നമ്മുടെ വിദ്യാലയമായ കുന്നം ഗവ. യു. പി സ്കൂൾ. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളും LKG, UKG വിഭാഗവും പ്രവർത്തിച്ചു വരുന്നു.

വിദ്യാർത്ഥികളും.

HM ഉൾപ്പെടെ 8 അധ്യാപകരും
3 അനധ്യാപകരും നല്ല രീതിയിൽ
പ്രവർത്തിക്കുന്ന ഒരു പ്രീ-പ്രൈമറി
വിഭാഗവും. കുട്ടികൾക്ക് പോഷകസമൃദ്ധമാ
യി വൃത്തിയായി പാചകം ചെയ്തു നൽകുന്ന
ഒരു ജീവനക്കാരിയും ഇവിടെയുണ്ട്.

കുട്ടികളുടെ സമഗ്ര വികാസം
ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധതരം
ക്ലബ്ബുകളും ശുചിത്വവും സൗകര്യമുള്ള
ഭൗതിക പരിസ്ഥിതിയും വിജ്ഞാനം പകർ
ന്നു നൽകുന്ന നല്ലൊരു ലൈബ്രറിയും,
ഐടി, സയൻസ് ലാബുകളും ഗതാഗതസൗകര്യ
വും യാത്രാസൗകര്യത്തിന് ബസ്സും
ഇവിടെയുണ്ട്. smart ക്ലാസ്റൂമുകൾ ഇവിടെ
പഠനം വിജയകരമാക്കാൻ സഹായിക്കുന്നു.

## പ്രധാന ലക്ഷ്യങ്ങൾ

→ പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോ
ടുകൂടിയുള്ള സമഗ്ര വിദ്യാലയ വികസനം.

→ പാരിസ്ഥിതിക അവബോധമുണ്ടാക്കുന്ന
തരത്തിലുള്ള വിദ്യാലയ വികസന പ്രവർ
ത്തനങ്ങൾ

→ സഹവർത്തിത്വവും പരസ്പരവിശ്വാസവുമു
ള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന

ലക്ഷ്യങ്ങളോട് കൂടിയുള്ള ബോധവൽക്കരണ ക്ലാസുകൾ

→ പാഠ്യ പാഠ്യേതര മികവുകൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.

→ അദ്ധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ, ക്ലബ്ബുകൾ.

→ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കൽ.

## അവസ്ഥാ വിശകലനവും മുൻഗണനകളും :-

ഭൗതിക മണ്ഡലമായി

ഭൗതികസൗകര്യവും ചിട്ടയായ പ്രവർത്തനങ്ങളും കുട്ടിയുടെ സമഗ്ര വികസനത്തിന് വേണ്ടി പ്രവർത്തിക്കുന്ന അദ്ധ്യാപകരും മറ്റ് ജീവനക്കാരും SMC അംഗങ്ങൾ PTA അംഗങ്ങൾ തുടങ്ങിയ എല്ലാവരും നമ്മുടെ വിദ്യാലയത്തിന്റെ മികച്ചതാക്കുന്നു.

മികച്ച അച്ചടക്കവും ചിട്ടയായ പ്രവർത്തനങ്ങളും ഉണ്ടെങ്കിലും വേണ്ടത്ര കുട്ടികളുടെ അഭാവമാണ് ഞങ്ങളുടെ സ്കൂളിന്റെ പ്രധാന പ്രശ്നം. ഹൈടെക് ക്ലാസ്റൂം ലാബ് ലൈബ്രറി സൗകര്യം, വൃത്തിയുള്ള അന്തരീക്ഷം. ഇങ്ങനെ മികച്ച പഠനം സാധ്യമാക്കുന്ന രീതിയിലാണ് ഇവിടത്തെ ഭൗതിക സാഹചര്യങ്ങൾ.

URC കോർഡിനേറ്റർ ശ്രുതിയുടെ നേതൃത്വത്തിൽ 3 4 ക്ലാസിലെ കുട്ടികൾക്ക് നടത്തിയ Pre-test-ൽ 60% കുട്ടികൾക്കും നല്ല സ്കോർ നേടാൻ കഴിഞ്ഞു. പഠന നിലവാരം കുറഞ്ഞ കുട്ടികൾക്ക് ഇനിയും മെച്ചപ്പെടാനായി കൃത്യമായ action Plan എല്ലാ അധ്യാപകരും തയ്യാറാക്കി വച്ചിട്ടുണ്ട്. അതിനനുസരിച്ചാണ് ക്ലാസ് മുന്നോട്ട് പോകുന്നത്. Pre-Primary യിൽ വർണ്ണകൂടാരം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.

ലക്ഷ്യങ്ങൾ (ദീർഘകാലം, ഹ്രസ്വകാലം)

→ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

→ ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിക്കുന്ന നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. മതനിരപേക്ഷത ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അവസരങ്ങൾ ഒരുക്കുക.

→ എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കുക

→ കുട്ടികളുടെ പഠന നില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠന പിന്തുണ സഹായം നൽകുക. അതോടൊപ്പം ഓരോ വിഷയങ്ങളിൽ കുട്ടികൾ മുന്നേറുന്നു എന്ന് ഉറപ്പ് വരുത്തുക. അദ്ധ്യാപന സഹായികൾ, സാങ്കേതികവിദ്യ (ഉദാ: ഗണിതകിറ്റ്) പരമാവധി പ്രയോജനപ്പെടുത്തുക.

→ മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി

ഭാഷകളിൽ ഉയർന്ന ശേഷികൾ കൈവരിക്കാനാവശ്യമായ വിഭവങ്ങളും വികസിപ്പിക്കുക.

→ ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെ കുറിച്ചും ഉല്പന്നത്തെ കുറിച്ചും ലിംഗസമത്വത്തെ കുറിച്ചും കാഴ്ചപ്പാട് ഉണ്ടാക്കുക.

→ ഗ്രീൻ പാർലമെന്റ് സംഘടിപ്പിക്കുന്നതിലൂടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

→ ദിനാചരണങ്ങൾ അർത്ഥപൂർണമാക്കുന്ന പ്രവർത്തനങ്ങൾ അവതരിപ്പിക്കുക.

→ പഠനത്തെ പരിസരവുമായും ജീവിതവുമായും ഇണക്കുവാൻ ആവശ്യമായ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

→ പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യ നിർമാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

→ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ, പഠനോപകരണങ്ങൾ എന്നിവ വിനിയോഗിക്കുക.

→ സമഗ്ര പഠന പുരോഗതി രേഖ (Holistic Progress Document) തയ്യാറാക്കി

ഓരോ കുട്ടിയും മികവിന്റെ ഉടമകളാണ് എന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.

→ എല്ലാ കുട്ടികളും അവരവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്നു എന്ന് ഉറപ്പാക്കുക.

→ കുട്ടികൾക്ക് മികച്ച മാനസിക - വൈകാരിക - ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.

→ മയക്കുമരുന്ന്, ലഹരി എന്നിവയ്ക്കെതിരെ നിലപാട് കൈക്കൊള്ളുന്നതിനായി പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

→ ശുചിത്വ വിദ്യാലയം - ഹരിത വിദ്യാലയം എന്ന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.

→ കായികക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു,
വേണ്ടി പരിശീലന പരിപാടി
ലക്ഷ്യങ്ങൾ.

→ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റുള്ള കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.

→ സവിശേഷ സാഹചര്യങ്ങളിൽ ആവശ്യമായ അധിക പരിഗണന നൽകുക.

→ ഭിന്ന വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസിലും - വിഷയത്തിലും അനുരൂപീകരിച്ച പുസ്തകങ്ങൾ ബ്രെയിൽ തയ്യാറാക്കി പ്രിന്റ് ഔട്ട് ചെയ്ത് മെച്ചപ്പെടുത്തുക.

→ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

→ ആധുനിക വിവരസാങ്കേതിക വിദ്യയിൽ ഭിന്നശേഷി കുട്ടികൾക്ക് കമ്പ്യൂട്ടർ ശേഷികളുടെ ഉചിതമായ അനുരൂപീകരിച്ച പരിശീലനം ഉറപ്പാക്കുക.

## വിഷയങ്ങളും ലക്ഷ്യങ്ങളും

വിഷയം – മാതൃഭാഷ.

→ എല്ലാ കുട്ടികളും അനായാസമായി വായിക്കാനും എഴുതാനും ചെയ്യുന്ന എന്ന് ഉറപ്പ് വരുത്തുക.

→ മികച്ച ആശയ വിനിമയ ശേഷി ഉണ്ടാക്കുക.

→ സാഹിത്യാഭിരുചി വളർത്തുക.

→ സർഗാത്മക രചനകളുടെ അവസരം നൽകുക.

→ ആശയാവിഷ്കാരണം വിവിധ രീതിയിൽ നടത്തുക

→ ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|
| 1. കുട്ടികളെ നല്ല വായനക്ക് പ്രാപ്തരാക്കുക. | 1. വായനോത്സവം | All classes |
| | 2. പത്രവായന | " |
| | 3. അമ്മവായന | |
| | 4. Readers' Theatre | 1, 2 |
| | 5. Budding Writers. | 5, 6, 7 |
| | 6. ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ വിപുലമാക്കൽ. | All classes |
| 2. വിപുല വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക. | 1. സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തൽ. | All classes. (1 to 7 classes) |
| | 2. സമീപ ഗ്രന്ഥശാല അംഗത്വം | |
| | 3. തെരഞ്ഞെടുത്ത പുസ്തകങ്ങൾ - ചർച്ച. | |
| | 4. വായനാനുഭവം പങ്കുവയ്ക്കൽ | |
| 3. ആശയ വിനിമയം നേടുന്നതിനുള്ള ശേഷി നേടുക. | 1. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ. | 1 to 7 classes. |
| | 2. അസംബ്ലി അവതരണം | |
| | 3. സാഹിത്യചർച്ച. | |

| | | |
|---|---|---|
| 4) സർഗാത്മക വാസനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | 1. കാവ്യകേളി (കടങ്കഥകൾ, കവിതകൾ)<br>2. കൈയെഴുത്തു പ്രതിയൊരുക്കൽ (ശില്പശാല) | 5, 6, 7 classes.<br>All classes. |
| | 3. ഉൽപന്നങ്ങൾ പരിചയമാക്കി പഠന സാമഗ്രി ആക്കൽ.<br>4. സർഗവേളകളിൽ സർഗാത്മക വാസനകൾക്ക് അവസരം നൽകൽ.<br>5. മലയാളം ക്ലബ്ബിൽ അവതരണം. | ,, |
| 5) ആവിഷ്കരണ ശേഷി വികസിപ്പിക്കൽ | 1. കഥാപാത്ര ആവിഷ്കാരം നടത്തൽ.<br>2. നാടകത്തിന് script തയ്യാറാക്കൽ.<br>3. നാടകാവതരണം | All classes. |
| 6) കലാശേഷിയുള്ള കുട്ടികളിൽ ആ ശേഷി വികസനം ആർജിക്കുക. + അനുയോജ്യ ഭാഷ ചിത്ര പ്രദർശനം ചെയ്യിക്കൽ. | 1. ചിത്രം വര<br>2. നിറം കൊടുക്കൽ.<br>3. ചിത്ര വായന.<br>4. അടിക്കുറിപ്പ് നൽകൽ. | ,, |

(വിഷയം - ഇംഗ്ലീഷ്)

→ ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

→ ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.

→ ബൃഹത്ത വാക്യങ്ങളും എഴുതുന്നതിനും സജ്ജരാക്കുക.

→ ഇംഗ്ലീഷ് ബുക്കുകൾ വായിക്കുന്നതിനും ആസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.

→ സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക.

ENGLISH GUPS KARUMAM.

| ലക്ഷ്യങ്ങൾ (AIM) | പ്രവർത്തനങ്ങൾ (ACTIVITIES) | Period |
|---|---|---|
| TO encourage<br>Listening and Speaking<br>Introduce different genres (fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage Reading<br>Develop basic reading writing, listening and speaking skills.<br>Cultivate effective communication skills for various contexts | Interactive storytelling sessions discussing themes characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>vocabulary games and exercises to build word knowledge.<br>Interactive Reading Circles<br>Divide students into small groups and provide them with age-appropriate texts such as short stories or from novels.<br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories.<br>Debates and presentations for advanced speaking practice.<br>Expanding vocabulary with context clues from passage. | June to March. |

| AIM | ACTIVITIES | in charge / Periods |
|---|---|---|
| To develop writing skills.<br>Introduce grammatical concepts such as parts of speech, tenses and sentence structure<br>To develop basic grammar rules.<br>Focus on sentence structure, punctuation and grammar. | Improve sentence structure.<br>Practice for simple creative writing tasks like descriptive paragraphs, short stories and simple poetry.<br>Projects and research assignments to foster critical thinking.<br>Focus on developing paragraphs and essays, Teach persuasive writing Techniques. and arguementation.<br>Preparing and delivering speeches.<br>Listening to and analysing diff: media sources. | Teachers of English.<br><br>J<br>U<br>N<br>E<br><br>to |
| Expand vocabulary through reading and interactive activities. | Interactive grammar games structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | M<br>A<br>R<br>C<br>H |
| Language Games, puzzles and activities. | Integrate language games and activities to reinforce and vocabulary, grammar and language skills in an engaging way. | |

| AIM | ACTIVITIES | |
|---|---|---|
| DIFFERENTIATION and Support | Recognize and accommodate the diverse learning needs of students through differentiated instructions.<br>Provide additional support and resources such as small-group instruction, tutoring peer mentoring and remedial programmes to help struggling students and challenge advanced learners.<br>Collaborate with learning support specialists, language teachers, and other supporting measures to ensure inclusive practices and provide targeted support for students with specific learning needs. | English Tr<br>SRG.<br>J<br>U<br>N<br>E<br>to<br>M<br>A<br>R<br>C<br>H |
| Assessment and feed back. | Use a variety of assessment methods such as quizzes tests, essays, presentations projects and performance tasks to assess different aspects of lang: learning.<br>Involve students in self-assessment and reflection activities to promote the learning process. | |

| | | |
|---|---|---|
| Parental Involvement: | Provide resources for parents on how to support their child's literacy development at home, including language enrichment activities.<br><br>Showcase students' and parents' writing through school magazines to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy or language acquistion to share their knowledge and skills with students and teachers.<br><br>Parental workshops can be done to create flash cards games or resource packs. that canbe used in the class room or sent home for additional practice. | |
| Additional ICT support | E-CUBE Language Activities<br>English | |

(വിഷയം - ഹിന്ദി)

→ ഹിന്ദിയിൽ ആശയവിനിമയശേഷി ഉണ്ടാക്കൽ

→ ഹിന്ദിയിൽ ആവിഷ്കാരത്തിന് അവസരം നൽകൽ

→ ശുദ്ധ വാക്യങ്ങൾ കുട്ടികളെ ശീലിപ്പിക്കുക.

→ ഹിന്ദിസാഹിത്യം ആസ്വദിക്കുന്നതിന് അവസരം നൽകുക

→ പഠനത്തിന് പുസ്തകങ്ങളും ലേഖനങ്ങളും വികസിപ്പിക്കുക.

→ സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | ചുമതല |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനപരമായ വർണ്ണങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ [illegible]കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കുക. | അക്ഷരമുറപ്പിക്കൽ അക്ഷരചാർട്ട് അക്ഷരക്കാർഡുകൾ പദനിർമ്മാണം വാക്യനിർമ്മാണം | ഹ്രസ്വം | 5 to 7 | Hindi Tr |
| 2 | അടയാളങ്ങൾ ചേർത്ത് വാക്ക്, വാക്യങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | അടയാളമുറപ്പിക്കൽ പദക്കാർഡുകൾ പദകേളി പദപ്രശ്നം കേട്ടെഴുത്ത് | ഹ്രസ്വം | 5 to 7 | Hindi Tr |
| 3 | വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ (ICT) പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കാൻ അവസരം ലഭിക്കുന്നു. | വന്യമൃഗങ്ങൾ, വളർത്തുമൃഗങ്ങൾ (ICT) ഹിന്ദി language lab ഉപയോഗപ്പെടുത്തുന്നു. | 6 മാസം | 5 to 7 | Hindi Tr |
| 4 | കഥ പൂർത്തീകരിക്കുന്നതിനും കഥ എഴുതുന്നതിനുമുള്ള ശേഷി കൈവരിക്കാൻ കഴിയുക എന്ന ലക്ഷ്യം സർഗ്ഗശേഷി വികസനത്തിന് കുട്ടികളെ സജ്ജരാക്കുന്നു. വായനാമൂല സജീവമാക്കാൻ സാധിക്കുന്നു. | കഥാരചന കഥ പൂർത്തിയാക്കൽ പേരുനൽകൽ കവർപേജ് | ദീർഘകാലം | 5 to 7 | Hindi Tr. |

| | | | | | |
|---|---|---|---|---|---|
| 5 | കുട്ടിയെ സ്വതന്ത്രവും അർത്ഥപൂർണ്ണവുമായ വായന പരിശീലിപ്പിക്കാൻ അവസരം നൽകുന്നു. ശരിയായ ഉച്ചാരണത്തിന് കുട്ടികളെ ഉണർത്തുന്നു. | പുസ്തകവായന ദിനാചരണം വായനക്കൂട്ടം വായനാമൂല പത്രവായന | 1 വർഷം | 5 to 7 | Hindi Tr |
| 6 | അർത്ഥപൂർണ്ണമായ വായന നടത്താൻ എല്ലാ തരത്തിലുമുള്ള കുട്ടികളെ സജ്ജരാക്കി തീർക്കുക | വായനാക്കൂട്ടം പുസ്തകവായന | ഹ്രസ്വം | 5 to 7 | Hindi Tr |
| 7 | കുട്ടി സ്വതന്ത്രമായി ഹിന്ദി ഭാഷ കൈകാര്യം ചെയ്യുക എന്ന ലക്ഷ്യം | റോൾപ്ലേ, സ്കിറ്റ് സ്കൂൾ അസംബ്ലി Interview | ദീർഘം | 5 to 7 | Hindi Tr |
| 8 | വിവരസാങ്കേതിക വിദ്യ ഹിന്ദിയിൽ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം സൃഷ്ടിക്കുന്നു. | ഹിന്ദി കലാരൂപങ്ങൾ blog രൂപീകരണം ദൃശ്യങ്ങൾ കാണിക്കൽ. | ദീർഘം | 5 to 7 | Hindi Tr |
| 9) | ഹിന്ദി ഭാഷാജ്ഞാനം പ്രയോഗം എന്നിവയിൽ താൽപര്യം ഉണ്ടാക്കുന്നു. | അഭിനയം ഹിന്ദി നാടക അഭിനേതാക്കൾ (ശിൽപശാല) | വർഷത്തിലൊരിക്കൽ | 5 to 7 | Hindi Tr. |

## വിഷയം : ബയോളജി

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം പരിപോഷിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ.
- ഹരിത വിദ്യാലയം ഉറപ്പാക്കൽ
- CWSN കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക.
- ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായ്.

# മേഖല യു. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| * ഹരിത പരിസരം ഉറപ്പാക്കൽ | ജൈവവൈവിധ്യമാർന്ന തരത്തിൽ വിപുലീകരിക്കൽ, ശലഭോദ്യാനം, ജൈവകൃഷിത്തോട്ടം, മാലിന്യം തരംതിരിച്ച് ശേഖരിക്കൽ, പൂന്തോട്ടം, കമ്പോസ്റ്റിംഗ് സൗകര്യം |
| * ശാസ്ത്രലാബ് സജ്ജീകരിക്കൽ | കാറ്റലോഗ് തയ്യാറാക്കൽ പരീക്ഷണം നടത്താനുള്ള അവസരം ലഭ്യമാക്കൽ. |
| * CWSN കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക | ലഘുപരീക്ഷണങ്ങളിൽ പങ്കാളിയാക്കുക<br>ICT ദൃശ്യങ്ങൾ കാണുക<br>ചിത്രങ്ങൾ വരയ്ക്കുക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര -** ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം |